**കേരളസർക്കാർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

**പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2017 ഫെബ്രുവരി 15 ബുധൻ**

# പക്ഷിപ്പനി; 8.97 കോടി രൂപ നഷ്ടപരിഹാരം, വിതരണം ഇന്ന്

ആലപ്പുഴ: ജില്ലയിൽ പക്ഷിപ്പനി ബാധിച്ച് താറാവുകളെ നഷ്ടപ്പെട്ട ഉടമകളായ കർഷകർക്ക് ധന സഹായമായി സർക്കാർ അനുവദിച്ച 8.97 കോടി രൂപയുടെ നഷ്ടപരിഹാര വിതരണം ഇന്ന് (ഫെബ്രുവരി 16) ഉച്ചയ്ക്ക് രണ്ടിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മൃഗസംരക്ഷണ -വനം വകുപ്പ് മന്ത്രി കെ. രാജു നിർവഹിക്കും. പൊതുമരാമത്ത് വകുപ്പുമന്ത്രി ജി.സുധാകരൻ ആധ്യക്ഷ്യം വഹിക്കുന്ന ചടങ്ങിൽ ധനകാര്യ മന്ത്രി ഡോ.ടി.എം.തോമസ് ഐസക്, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പി.തിലോത്തമൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, ജില്ലയിലെ എം.പി.മാർ, എം.എൽ.എമാർ എന്നിവർ സംസാരിക്കും.

രണ്ടു മാസത്തിന് മുകളിൽ പ്രായമുള്ള താറാവുകൾക്ക് 200 രൂപയും മറ്റു താറാവുകൾക്ക് 100 രൂപ നിരക്കിലുമാണ് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളത്. ജില്ലയിലെ 97 താറാവു കർഷകർക്ക് 8,97,06,765 രൂപയാണ് നഷ്ടപരിഹാരമായി വിതരണം ചെയ്യുന്നത്.

(പി.എൻ.എ. 376/17)

//അവസാനിച്ചു//